**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 450** **05-10-2021 - ൽ മറുപടിയ്ക്ക്**

**ശമ്പളകമ്മീഷൻ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ഡോ. എം.കെ . മുനീർ** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ ജീവനക്കാർക്കായുള്ള നിലവിലെ ശമ്പളകമ്മീഷന്റെ അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ എന്തെല്ലാമാണ്; | (എ) | ശമ്പളക്കമ്മീഷന്റെ അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശിപാർശകളുടെ സംക്ഷിപ്തം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇതിൽ ഏതെല്ലാം ശിപാർശകൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ബി) | റിപ്പോർട്ടിലെ വിവിധ ശിപാർശകൾ സർക്കാർ വിശദമായി പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിന്റെ ഏഴാം ഭാഗം- പ്രധാനപ്പെട്ട ചില ശുപാർശകളുടെ സംക്ഷിപ്തം

പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ടിന്റെ കഴിഞ്ഞ ആറു ഭാഗങ്ങളിലേയും പ്രതിപാദ്യ വിഷയം ശമ്പളവും അലവൻസുകളും പെൻഷനും മറ്റ് ആനുകൂല്യങ്ങളും പരിഷ്കരിക്കുക എന്നതായിരുന്നു. ഈ ആറു ഭാഗങ്ങളിൽ കേരള സർക്കാർ, ഹൈക്കോടതി, യൂണിവേഴ്സിറ്റികൾ, കേരള വാട്ടർ അതോറിറ്റി, മുനിസിപ്പൽ ശുചീകരണം, ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ വിഷയങ്ങളായിരുന്നു ഉൾപ്പെടുത്തിയിരുന്നത്.

ഏഴാം ഭാഗത്തിൽ കാര്യക്ഷമത, സാമൂഹ്യ ഉത്തരവാദിത്വം, ലിംഗ നീതി, തുടങ്ങിയ വിഷയങ്ങളിന്മേലാണ് ശുപാർശകൾ സമർപ്പിക്കുന്നത്. ജീവനക്കാർക്ക് ന്യായമായ വേതനം കൊടുക്കണമെന്നും സർവീസിൽ ഉയർച്ചയുള്ള സാഹചര്യങ്ങൾ ഉണ്ടാക്കണമെന്നും മെച്ചപ്പെട്ട സേവന വ്യവസ്ഥകൾ ഉണ്ടാകണമെന്നുമൊക്കെയുള്ള സമീപനമാണ് കമ്മീഷൻ സ്വീകരിച്ചിട്ടുള്ളത്. ഏഴാം ഭാഗത്തിൽ ജീവനക്കാർക്ക് പൊതു ജനങ്ങളോടുള്ള ഉത്തരവാദിത്വത്തിനും സാമാന്യ ജനങ്ങളുടെ അവകാശങ്ങൾക്കും സർക്കാരിന്റെ പൊതു താല്പര്യത്തിനുമാണ് പ്രാധാന്യം നൽകിയിട്ടുള്ളത്. റിപ്പോർട്ടിലെ ആദ്യ ഭാഗം സർക്കാർ സർവീസിലേക്കുള്ള നിയമനത്തെ സംബന്ധിച്ചാണ്. തുടർന്ന് സേവനവുമായി ബന്ധപ്പെട്ട കാര്യങ്ങളിലും ജനസമ്പർക്കവും പൊതു താല്പര്യവുമായി ബന്ധപ്പെട്ട കാര്യങ്ങളിലും ശുപാർശകൾ സമർപ്പിക്കുന്നു. പ്രധാനപ്പെട്ട ചില ശുപാർശകളുടെ ചുരുങ്ങിയ വിവരം താഴെ ചേർക്കുന്നു.

1. കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് പോലെയുള്ള ഉന്നത സർവീസുകളിലേക്കു ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുകയും, സർക്കാരിന്റെ വിവിധ വകുപ്പുകളിലെ സെക്രട്ടറിമാരും വകുപ്പ് മേധാവികളും അംഗങ്ങളായ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി ചെയർമാനായിരിക്കുകയും ശിക്ഷണ നടപടികൾ ഉൾപ്പെടെയുള്ള സർവീസ് കാര്യങ്ങളിൽ സർക്കാരിന് ഉപദേശം നൽകേണ്ടതുമായ പബ്ലിക് സർവീസ് കമ്മീഷന്റെ നിലവാരം ഉയർന്നതായിരിക്കണം. പി എസ് സി മെമ്പർ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയും പരിചയ സമ്പത്തും ഉള്ളവരായിരിക്കണമെന്നതിനാൽ അവരുടെ നിയമനത്തിനു ഒരു ആഭ്യന്തര ഗൈഡ് ലൈൻ ഉണ്ടായിരിക്കേണ്ടതാണ്.

2. കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിലേക്കു ഇപ്പോഴുള്ള അനുപാതം മൂന്നിലൊന്നു നേരിട്ട് നിയമനവും മൂന്നിൽ രണ്ട് സർക്കാർ ജീവനക്കാരിൽ നിന്ന് മത്സര പരീക്ഷവഴിയുള്ള നിയമനവുമാണ്. ആദ്യ സെലക്ഷനിൽ മികച്ചവർ തിരഞ്ഞെടുക്കപ്പെടുന്നു; ബാക്കി വരുന്നവരിൽ നിന്നാകും പിന്നീടുള്ള സെലക്ഷൻ. അതുകൊണ്ട് ആദ്യ സെലക്ഷൻ കഴിഞ്ഞു ജീവനക്കാർക്കുള്ള ക്വോട്ട മൂന്നിലൊന്നായി നിശ്ചയിക്കുകയും, അഞ്ചു വർഷം കഴിഞ്ഞു അത് പൂർണ്ണമായി ഒഴിവാക്കുകയും ചെയ്യണം.

3. മറ്റു പിന്നോക്ക വിഭാഗങ്ങൾക്കുള്ള 40% സംവരണത്തിൽ സാമ്പത്തികമായി മെച്ചപ്പെട്ടവർക്ക് ചെലവുള്ള കോച്ചിങ്ങിലൂടെ തിരഞ്ഞെടുക്കപ്പെടാൻ മെച്ചപ്പെട്ട അവസരം കിട്ടുന്നു. സംവരണ ക്വോട്ടയിൽ 20% ഈ വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വേണ്ടി സംവരണം ചെയ്യണം. ഇത് പട്ടിക ജാതി പട്ടിക വർഗങ്ങൾക്കും വേണ്ടതാണെങ്കിലും ഭരണ ഘടനയും കോടതി വിധികളും അനുസരിച്ച് അതിന്റെ സാധ്യത പരിശോധിക്കേണ്ടതാണ്.

4. സർവിസിലിരിക്കെ മരണമടയുന്നവരുടെ ആശ്രിതർക്ക് ജോലി നൽകുന്ന പദ്ധതി അതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ കൈവരിക്കാൻ പ്രാപ്തമല്ല. മരണമടയുന്നവരുടെ ആശ്രിതർക്ക് മെച്ചപ്പെട്ട സാമ്പത്തിക ആനുകൂല്യങ്ങൾ നൽകണം. എന്നാൽ ഭരണഘടന പ്രകാരം മൗലികാവകാശങ്ങളിൽപ്പെട്ട ആർട്ടിക്കിൾ 16-ന്റെ അന്തസ്സത്ത ലംഘിക്കുന്നതുകൊണ്ടും സർവീസിലെ കാര്യക്ഷമതയിൽ കാര്യമായ ഇടിവ് വരുത്തുന്നതുകൊണ്ടും പൊതു ഉദ്യോഗാർഥികളുടെ അവസരങ്ങൾ കുറയ്ക്കുന്നതുകൊണ്ടും സർക്കാർ ജോലി പാരമ്പര്യമായി നൽകുന്നതിലെ അനൗചിത്യം കണക്കിലെടുത്തും ആശ്രിതനിയമനം പൂർണമായും ഒഴിവാക്കേണ്ടതാണ്.

5. സർക്കാർ ഖജനാവിൽ നിന്നും ശമ്പളം പറ്റുന്ന എയ്ഡഡ് സ്കൂൾ അധ്യാപകരും കോളേജ് അധ്യാപകരും മറ്റ് ജീവനക്കാരും മെറിറ്റ് അനുസരിച്ച് സുതാര്യതയോടെ തെരെഞ്ഞെടുക്കപ്പെടണം. ഇതിന് മാനേജ്മെന്റുകളുടെ കൂടെ പങ്കാളിത്തത്തോടെ കേരള റിക്രൂട്ട്മെന്റ് ബോർഡ് ഫോർ പ്രൈവറ്റ് സ്കൂൾസ് ആൻഡ് കോളേജസ് രൂപീകരിക്കണം. അതുവരെ സുതാര്യത ഉറപ്പുവരുത്താൻ ഇന്റർവ്യൂകൾ വീഡിയോ റെക്കോർഡ് ചെയ്യുന്നതുൾപ്പെടെയുള്ള സംവിധാനം ഒരുക്കണം. പരാതികൾ പരിശോധിക്കാൻ റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ഓംബുഡ്സ്മാനായുള്ള ഒരു സംവിധാനവും ആവശ്യമാണ്.

6. ജീവനക്കാർക്ക് സർവീസിൽ പ്രവേശിക്കുമ്പോൾ ഇൻഡക്ഷൻ ട്രെയിനിങ്ങും, പിന്നീട് ഇൻ സർവീസ് ട്രെയിനിങ്ങും മാറ്റങ്ങൾക്കനുസരിച്ച് റീസ്കില്ലിങ് പരിപാടികളും ആവശ്യമാണ്.

7. പ്രൊമോഷൻ യോഗ്യതകളിൽ ഇളവുനൽകുന്ന എല്ലാ വ്യവസ്ഥകളും ഒഴിവാക്കണം. സ്റ്റേറ്റ് സർവീസിലേക്ക് പ്രൊമോഷന് ടെസ്റ്റുകൾ പാസ്സായിരിക്കണം. വകുപ്പ് മേധാവികളുടെ നിയമനത്തിന് ചീഫ് സെക്രട്ടറി അധ്യക്ഷനായ ഒരു ബോർഡ് രൂപീകരിക്കണം.

8. പ്രവൃത്തി ദിവസങ്ങൾ ആഴ്ചയിൽ അഞ്ചായി കുറയ്ക്കാം. ദിവസവും ഒരു മണിക്കൂർ അധികമായി രാവിലെ 9.30 മുതൽ വൈകിട്ട് 5.30 വരെയായി പ്രവൃത്തി സമയം നിശ്ചയിക്കണം. കേന്ദ്ര സർക്കാരിലെ പോലെ ലീവ് നിജപ്പെടുത്തുകയും അവധി ദിവസങ്ങളുടെ എണ്ണം കുറയ്ക്കുകയും വേണം. വീട്ടിലിരുന്നു ജോലി ചെയ്യുന്ന സമ്പ്രദായത്തിലേക്കു മാറ്റം ശുപാർശ ചെയ്യുന്നില്ലെങ്കിലും ആവശ്യമായ സന്ദർഭങ്ങളിൽ അത് അനുവദിക്കേണ്ടതാണ്.

9. റിട്ടയർമെൻറ് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള സർക്കാരിൻറെ സാമ്പത്തിക ബാധ്യത ഒരു വർഷത്തേക്ക് നീട്ടിവയ്ക്കാൻ റിട്ടയർമെന്റ് പ്രായം 57 ആക്കി വർധിപ്പിക്കാവുന്നതാണ്.

10. പൊതുജന സേവനം മികച്ചതാക്കാൻ ഏറ്റവും ആവശ്യമുള്ള കാര്യം ഡിജിറ്റലൈസേഷനാണ്. എല്ലാ വകുപ്പുകളിലും സമയ ബന്ധിതമായി നടപടിക്രമങ്ങളുടെ ഉടച്ചുവാർക്കലോടുകൂടി (re-engineering) ഇത് നടപ്പാക്കാൻ മുൻഗണന നൽകി ബഡ്ജറ്റിൽ ഫണ്ട് അനുവദിക്കേണ്ടതാണ്.

11. സേവനാവകാശ നിയമം ഫലപ്രദമായി നടപ്പാക്കാൻ ഒരു ചീഫ് കമ്മീഷണറെ നിയമിക്കേണ്ടതാണ്.

12. കൂടുതൽ ജന സമ്പർക്കമുള്ള ഓഫീസുകളിൽ നിലവിലുള്ളതിൽ ഒരു ഉദ്യോഗസ്ഥനെ പബ്ലിക് കോണ്ടാക്ട് ഓഫീസറായി നിയമിക്കണം. പൊതുജനങ്ങളുമായി ഇടപെടുന്ന എല്ലാ ഉദ്യോഗസ്ഥരും പേര് വച്ച ബാഡ്ജ് ധരിക്കണം.

13. പാവപ്പെട്ട സ്ത്രീകളുടെ കൂട്ടായ്മയായ കുടുംബശ്രീയ്ക്ക് നൽകാവുന്ന ചുമതലകൾ അവർക്ക് നൽകുന്നത് സാമൂഹ്യനീതിക്ക് സഹായകമാണ്.

14. ഓരോ വകുപ്പിന്റെയും ഏജൻസിയുടേയും ലക്ഷ്യങ്ങളും പ്രവൃത്തികളും ചുമതലകളും സ്വതന്ത്രമായി പരിശോധിക്കാൻ ഒരു സിവിൽ സർവീസ് റിവ്യൂ മിഷൻ രൂപീകരിക്കണം.

15. സൽഭരണത്തിന് (good governance) ഒരു തിങ്ക് ടാങ്ക് (think tank) എന്ന നിലയിൽ പ്രവർത്തിക്കുകയും ഇ-ഗവേണൻസ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ മേൽനോട്ടം വഹിക്കുകയും ചെയ്യുന്നതിന് മുഖ്യമന്ത്രി അധ്യക്ഷനായി പ്ലാനിംഗ് ബോർഡിന് സമാനമായി ഒരു ഗുഡ് ഗവേണൻസ് ബോർഡ് രൂപീകരിക്കേണ്ടതാണ്.

16. കുട്ടികൾ തീരെ കുറവുള്ള സ്കൂളുകളിൽ പഠിക്കേണ്ടിവരുന്ന കുട്ടികൾക്ക് മത്സരത്തിനുള്ള അവസരവും സാമൂഹ്യ ബന്ധങ്ങളും നഷ്ടപ്പെടുന്നു, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താത്തതുകൊണ്ടും ആധുനിക പഠനോപകരണങ്ങൾ നൽകാത്തതുകൊണ്ടും ആ കുട്ടികൾ പിന്തള്ളപ്പെടുന്നു. കുട്ടികൾ കുറവുള്ള സ്കൂളുകൾ അധ്യാപകരുടെ താല്പര്യത്തിനു മാത്രമായി നിലനിർത്തുന്നത് കുട്ടികളുടെ അവകാശങ്ങളുടെ ലംഘനമാണ്. അതുകൊണ്ട് കുട്ടികൾ കുറവുള്ള സ്കൂളുകൾ മറ്റ് സ്കൂളുകളുമായി സംയോജിപ്പിക്കേണ്ടതും ആവശ്യമെങ്കിൽ തദ്ദേശ സ്ഥാപനങ്ങൾ കുട്ടികൾക്ക് യാത്രാ സൗകര്യം ഒരുക്കേണ്ടതുമാണ്.

17. സഹകരണ ആഡിറ്റ് ഘട്ടം ഘട്ടമായി ചാർട്ടേർഡ് അക്കൗണ്ടന്റുമാരെ ഏൽപ്പിക്കുകയും പത്തു വർഷംകൊണ്ട് ഈ മാറ്റം പൂർണ്ണമാക്കുകയും ചെയ്യണം.

18. ടൈപ്പിസ്റ്റ് / കമ്പ്യൂട്ടർ അസിസ്റ്റന്റ് / പ്യൂൺ / ഓഫീസ് അറ്റന്റന്റ് തുടങ്ങിയ തസ്തികകളിലേക്കുള്ള പുതിയ നിയമനം ഓരോ വകുപ്പിലെയും ആവശ്യകത പരിശോധിച്ച ശേഷം മാത്രമേ നടത്താവൂ.

19. സ്ത്രീ സൗഹൃദ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ആവശ്യമായ ഫണ്ട് സർക്കാരും തദ്ദേശ സ്ഥാപനങ്ങളും നൽകേണ്ടതാണ്.

20. കേരള സർക്കാർ ജീവനക്കാരുടെ അടുത്ത ശമ്പള പരിഷ്കരണം കേന്ദ്ര ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് ശേഷം മാത്രമേ പരിഗണിക്കാവൂ.

******